"ഭരണഭാഷ മാതൃഭാഷ"
**സാമൂഹിക ആരോഗ്യ കേന്ദ്രം കടമ്പഴിപ്പുറം**
**.പിൻകോഡ്. 678633**
**ഫോൺ : 04662267276 Email : chcktpm@gmail.com**

-

**No. CHC-KMPR0PKD/127/2026-C** **Date : 05-10-2026**

## പരസ്യ ലേലം

കടമ്പഴിപ്പുറം സാമൂഹിക ആരോഗ്യ കേന്ദ്രത്തിനു കീഴിലുള്ള ഷാരുകോവിൽ സബ് സെന്റർ ആയി പ്രവർത്തിച്ചിരുന്ന ഉപയോഗ ശൂന്യമായ കെട്ടിടം പൊളിച്ച്, കെട്ടിടത്തിന്റെ എല്ലാ അവശിഷ്ടങ്ങളും സർക്കാർ വളപ്പിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തി പരസ്യ ലേല മുഖാന്തിരം കടമ്പഴിപ്പുറം, സാമൂഹ്യ ആരോഗ്യ കേന്ദ്രം കോൺഫറൻസ് ഹാളിൽ വെച്ച് ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു . ലേലം വിളിക്കുന്നതിനുള്ള അടിസ്ഥാന വില രൂ. 1697/- ( രൂപ ആയിരത്തി അറനൂറ്റി തൊണ്ണൂറ്റി ഏഴു രൂപ മാത്രം ) ആണ്.

| | |
|---|---|
| **പരസ്യ ലേലം നടത്തുന്ന തിയ്യതി, സമയം** | തീയ്യതി- 26/10/2026 , സമയം- 2 PM |
| **പരസ്യ ലേലം നടത്തുന്ന സ്ഥലം** | സാമൂഹിക ആരോഗ്യ കേന്ദ്രം , കടമ്പഴിപ്പുറം |
| **അടങ്കൽ തുക** | രൂപ.1697/- ( രൂപ ആയിരത്തി അറനൂറ്റി തൊണ്ണൂറ്റി ഏഴു രൂപ മാത്രം ) |
| **നിരത ദ്രവ്യം** | രൂപ.1000/- (രൂപ ആയിരം മാത്രം) |

ലേലത്തിൽ പങ്കെടുക്കാവാൻ താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ പൊളിച്ചു മാറ്റേണ്ട കെട്ടിടം നേരിൽ പരിശോധിച്ച് അതിന്റെ അവസ്ഥ കൃത്യമായി വിലയിരുത്തേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിനായി താല്പര്യമുള്ള വ്യക്തികളോ/സ്ഥാപനങ്ങളോ തിരിച്ചറിയിൽ രേഖയായി ആധാർ കാർഡിന്റെ ഒറിജനലും ആയതിന്റെ ഒരു പകർപ്പും സഹിതം 26-10-2026 ഉച്ചയ്ക്ക് 1.00 മണിയ്ക്ക് മുമ്പായി രൂപ.1000/- (രൂപ ആയിരം മാത്രം) നിരതദ്രവ്യമായി ഓഫീസിൽ ഒടുക്കി ടോക്കൺ കൈപറ്റേണ്ടതാണ്. ടോക്കൺ ലഭിച്ച വ്യക്തികൾക്കുമാത്രമേ ലേല ഹാളിൽ പ്രവേശന അനുമതി ലഭിക്കുകയുള്ളൂ. ഉയർന്ന വില രേഖപ്പെടുത്തിയ വ്യക്തികൾക്കു ലേലം ഉറപ്പിക്കുന്നതിനായി ലേല തുകയും ആയതിന്റെ 18%

ജി.എസ്.ടി യും അതേ ദിവസം തന്നെ ഓഫീസിൽ ഒടുക്കേണ്ടതാണ്. അനുമതി ലഭിച്ച് 10 ദിവസത്തിനകം പ്രസ്തുത കെട്ടിടം പൊളിച്ച് സ്വന്തം ചിലവിലും, ഉത്തരവാദിത്വത്തിലും കെട്ടിടാവശിഷ്ടങ്ങളും ശേഷിപ്പുകളും പൂർണമായും നീക്കം ചെയ്യേണ്ടതും തറ നിരപ്പാക്കി നിലനിർത്തേണ്ടതുമാണ്. കെട്ടിടം പൊളിച്ചു നീക്കം ചെയ്യുമ്പോൾ പരിസരവാസികളുടെ ദൈനം ദിന പ്രവർത്തികളെയോ/ പൊതു നിരത്തുകളിലുടെയുള്ള സഞ്ചാര സ്വതന്ത്രത്തിനെയോ ബാധിക്കാത്ത തരത്തിലും, അവരുടേയോ/സർക്കാരിന്റെയോ സ്ഥാവര ജംഗമ വസ്തുകൾക്ക് കേടുപാടുകളോ, നാശ നഷ്ടങ്ങളോ ഉണ്ടാകാതെയും പ്രവർത്തി നിർവഹിക്കേണ്ടതാണ്. കെട്ടിടം പൊളിക്കുന്നതിന് ആവശ്യമായ വൈദ്യതി/വെള്ളം എന്നീ ചിലവുകൾ സ്വന്തം ചിലവിൽ കണ്ടെത്തേണ്ടതാണ്.

കേരള സർക്കാരിന്റെ സ്റ്റോർ പർച്ചെയ്സ് നിയമപ്രകാരമുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും. ഈ പരസ്യ ലേലം യാതൊരു കാരണവും ബോദ്ധ്യപ്പിക്കാതെ റദ്ദാക്കുന്നതിനോ , ലേലം ദീർപ്പിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം മെഡിക്കൽ ഒഫിസറിലൽ നിക്ഷിപ്തമായിരിക്കും .

കൂടുതൽ വിവരങ്ങൾ ആവശ്യമായിട്ടുണ്ടെങ്കിൽ ഓഫീസ് പ്രവർത്തി സമയങ്ങളിൽ നേരിട്ടോ/ടെലിഫോൺ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

Digitally signed by Suresh A K
Date: 05-10-2026 15:14:49

മെഡിക്കൽ ഓഫീസർ

പകർപ്പ്

1. പബ്ലിക് ഇൻഫോർമേഷൻ ഓഫിസർ , പാലക്കാട്
2. നോട്ടീസ് ബോർഡ് , സാമൂഹിക ആരോഗ്യകേന്ദ്രം കടമ്പഴിപ്പുറം
3. നോട്ടീസ് ബോർഡ് ബ്ലോക്ക് പഞ്ചായത്ത് , ശ്രീകൃഷണ പുരം
4. നോട്ടീസ് ബോർഡ് ഗ്രാമ പഞ്ചായത്ത് , കടമ്പഴിപ്പുറം
5. നോട്ടീസ് ബോർഡ് വില്ലേജ് ഓഫിസ് , കടമ്പഴിപ്പുറം
6. ഫയൽ